പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2108

19-06-2012 - ൽ മറുപടിയ്ക്ക്

ചലച്ചിത്ര അക്കാദമി, ചലച്ചിത്ര വികസന കോർപ്പറേഷൻ എന്നിവയുടെ പ്രവർത്തന കാര്യക്ഷമത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പി.എ. മാധവൻ | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(ബഹു: വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) ചലച്ചിത്ര അക്കാഡമി, ചലച്ചിത്ര വികസന കോർപ്പറേഷൻ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമ മാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | എ) മലയാള സിനിമയെക്കുറിച്ചുള്ള ഡേറ്റാ ബാങ്ക് തയ്യാറാക്കുക. ലോകസിനിമകൾ ഉൾപ്പെടെയുള്ള ചിത്രങ്ങളുടെ പ്രത്യേക ആർക്കൈവ്സ് വികസിപ്പിക്കുക, മലയാള സിനിമ മാർക്കറ്റിംഗ് സംവിധാനമുണ്ടാക്കുക, ഗവേഷണ സൗകര്യങ്ങളോടുകൂടിയ ഫിലിം ആർക്കൈവ്സ് മൂന്നാറിൽ ആരംഭിക്കുക തുടങ്ങിയ പദ്ധതികൾക്ക് ചലച്ചിത്രഅക്കാദമി രൂപകല്പന ചെയ്തു വരികയാണ്. ചലച്ചിത്ര വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള എല്ലാ തീയറ്ററുകളും നവീകരിക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം കലാഭവൻ തിയേറ്റർ ആധുനിക രീതിയിലുള്ള പ്രൊജക്ഷൻ, ശബ്ദ സംവിധാനങ്ങളോടെ നവീകരിക്കും. കൂടാതെ, തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള കൈരളി തിയേറ്റർ വിഭജിച്ച് ആധുനിക സജ്ജീകരണങ്ങളോട് കൂടിയ തിയേറ്റർ സമുച്ചയങ്ങളാക്കി മാറ്റുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴയിൽ കെ.എസ്.എഫ്. ഡി. സി.ക്ക് സ്വന്തമായുള്ള സ്ഥലത്ത് മൾട്ടിപ്ലക്സ് തീയറ്ററുകൾ നിർമ്മിക്കുവാനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. |

| | |
|---|---|
| | ഒറ്റപ്പാലത്ത് ആധുനിക സംവിധാനങ്ങളോടു കൂടിയ ഒരു ഫിലിം സിറ്റി സ്ഥാപിക്കുന്നുതിന് തത്വത്തിൽ തീരുമാനമായിട്ടുണ്ട്. കൂടാതെ വഴുതക്കാട്ടുള്ള ഹെഡ്ഡാഫീസ് കെട്ടിടം പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി ഓഫീസ് ഒഴികെയുള്ള സ്ഥലം വാടകയ്ക്ക് നൽകുവാനും തീരുമാനമെടുത്തിട്ടുണ്ട്. |
| ബി) ഇവയുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | ബി) നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| സി) ഇവയുടെ പ്രവർത്തനം സംബന്ധിച്ച് ധവളപത്രം ഇറക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ ? | സി) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ധവളപത്രം ഇറക്കുന്ന കാര്യം പരിഗണനയിലാണ്. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ധവളപത്രം ഇറക്കുവാനുള്ള പ്രാരംഭഘട്ട നടപടികൾ അരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ